(ബി) ഈ ട്രഷറിയിൽ ഇപ്പോൾ പെൻഷൻ കൈപ്പറ്റുന്ന എത്ര അക്കൗണ്ടുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ജോലിഭാരംമൂലം പലപ്പോഴും ഇടപാടുകാർ മണിക്കൂറുകൾ കാത്തിരിക്കേണ്ടിവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 74,86,36,144 രൂപ.

പെയ്മെന്റ് – 57,32,24,010 രൂപ

റസീപ്റ്റ് – 17,54,12,134 രൂപ

(ബി) 2093 അക്കൗണ്ടുകൾ.

(സി) ട്രഷറി കമ്പ്യൂട്ടർവൽക്കരിച്ചശേഷം ഇടപാടുകാർക്ക് മണിക്കൂറുകൾ കാത്തിരിക്കേണ്ട ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നീലേശ്വരം സബ്ട്രഷറിക്കുവേണ്ടിയുള്ള കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി

22 [3275] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം പതിച്ചു കിട്ടിയിട്ടുണ്ടോ;

(ബി) കെട്ടിടം പണിയുടെ നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഡ്ജറ്റിൽ വേണ്ടത്ര തുക നീക്കിവയ്ക്കാൻ സാധിക്കാത്തതിനാൽ ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

നാദാപുരം നിയോജകമണ്ഡലത്തിലെ സബ്ട്രഷറികൾ

23 [3276] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ എത്ര സബ്ട്രഷറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ട്രഷറികൾ സൗകര്യം ഇല്ലാത്ത കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ട്രഷറികൾക്ക് സ്വന്തം കെട്ടിടം പണിയാനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) രണ്ട് സബ്ട്രഷറികൾ.

(ബി) സൗകര്യങ്ങൾ കുറവാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൊട്ടിൽപ്പാലം സബ്ട്രഷറിക്ക് സർക്കാർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്തുകിട്ടുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. കല്ലാച്ചി സബ്ട്രഷറിക്ക് സ്ഥലം കണ്ടെത്തിയിട്ടില്ല.

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ വരുമാനവും ആദായവും വർദ്ധിപ്പിക്കാൻ നടപടി

24 [3277] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ വരുമാനം എത്രയാണെന്ന് വർഷം തിരിച്ച് പറയാമോ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള ആദായത്തിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) വരുമാനവും ആദായവും വർദ്ധിപ്പിക്കുവാൻവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ)

വർഷം	*വരുമാനം*
2001-2002	64,71,83,166
2002-2003	74,05,07,014
2003-2004	78,84,81,343
2004-2005	1,09,15,28,546

(ബി) അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

†അനുബന്ധം V കാണുക.

LIBRARY ARCHIVES Kerala Legislative Assembly